**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/054/2024
**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: 21-10-2024**

പരാതിക്കാരൻ : ശ്രീ. സുനിൽകുമാർ , ചുള്ളിപ്പറമ്പിൽ വീട്
ഏങ്ങണ്ടിയൂർ പി.ഒ, തൃശൂർ ജില്ല

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇലക്ട്രിക്കൽ സബ് ഡിവിഷൻ
കണ്ടശ്ശാങ്കടവ് , തൃശൂർ ജില്ല

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരനായ ശ്രീ. സുനിൽകുമാർ ലൈസൻസി (KSEBL) യുടെ വാടാനപ്പള്ളി ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള ഒരു ഉപഭോക്താവാണ്. അദ്ദേഹത്തിന്റെ പുരയിടത്തിലൂടെ വർഷങ്ങൾക്ക് മുൻപ് വലിച്ചിട്ടുണ്ടായിരുന്ന വൈദ്യുതി ലൈൻ കൃഷിക്ക് തടസമായതിനാൽ മാറ്റി സ്ഥാപിക്കാനുള്ള അപേക്ഷ നൽകിയിരുന്നു. ഈ ലൈനിൽ നിന്നും മറ്റ് 6 വീട്ടിലേക്ക് കൂടി കണക്ഷൻ നൽകിയിട്ടുള്ളതാണ്. ലൈസൻസി നൽകിയ എസ്റ്റിമേറ്റ് പ്രകാരം 21,873/- രൂപ അടക്കുകയും ABC ഉപയോഗിച്ച് ലൈൻ മാറ്റിയതിന് 13000/- രൂപ പണി ചെയ്ത കോൺട്രാക്ടർക്ക് നേരിട്ട് നൽകുകയും ചെയ്തു. അപേക്ഷ ഫീസായി 354/- രൂപ അടക്കുകയും ചെയ്തു. അങ്ങനെ അകെ 35227/- രൂപ അദ്ദേഹത്തിന് ചെലവായിട്ടിട്ടുണ്ട്. പരാതിക്കാരന്റെ പുരയിടത്തിലൂടെ വലിച്ചിട്ടുള്ള ലൈൻ ആവശ്യം വരുമ്പോൾ മാറ്റി സ്ഥാപിക്കേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്തമാണെന്നും അത് അവരുടെ ചിലവിൽ നടത്തണമെന്നുമാണ് അദ്ദേഹത്തിന്റെ വാദം. അതിനാൽ ചെലവായ 35227/- രൂപ തിരികെ കിട്ടണമെന്നതാണ് പരാതിക്കാരന്റെ ആവശ്യം. ഇലക്ട്രിസിറ്റി സപ്ലൈ കോഡ് പ്രകാരം ലൈൻ മാറ്റി സ്ഥാപിക്കാനുള്ള ചെലവ് അപേക്ഷകൻ വഹിക്കേണ്ടതായതിനാൽ അത് മടക്കി നൽകാൻ കഴിയില്ല എന്നതാണ് എതിർ കക്ഷിയുടെ വാദം. പരാതിക്കാരൻ CGRF ൽ പരാതി നൽകുകയും അതിന്റെ ഉത്തരവ് 11/06/2024 പുറപ്പെടുവിക്കുകയും

ചെയ്തു. ആ ഉത്തരവ് പുനഃ പരിശോധിക്കാൻ പുനഃപരിശോധന ഹർജി CGRF ൽ നൽകുകയും അതിന്റെ വിധി 09-07-2024 ൽ പുറപ്പെടുവിക്കുകയും ചെയ്തു. അതിന്റെ അപ്പീൽ ആയിട്ടാണ് ഈ പരാതി സമർപ്പിച്ചിരിക്കുന്നത് .

## പരാതിക്കാരന്റെ വാദം

Agricultural land for the purpose of providing power supply to other KSEB Ltd consumers with safety protection by using Ariel bunch cables. I undertaken this work as per section 37 A of Kerala Electricity Supply Code, 2014 on 14-11-2022 and charged the line on 19-11-2022 after the completion of the work successfully.

I had given an application to get the above work done by only collecting, lower charges with the copy of KSEB Ltd, B.O (F.T.D) 3276/ 2014 (KSEB/TRAC/S.code/R3/2014) dated: Thiruvanathapuram. 15-12-20214 corporate office (Tarrif and Regulatory affairs ). Through Assistant Engineer, Vatanappally Section to Executive Engineer, Electrical Division, Thrissur West on date 06-10-2022. Unfortunately E.E.Eel. Division. Thrissur west rejected my application on 25-10-2022 by quoting Kerala Electrical Supply Code 2014 amendment 2020. The content special provision other than supply Code provision.

On date 23.12.2022, the reply sent by Executive Engineer, Electrical Division, Thrissur west to Secretary, Kerala State Electricity Regulatory Commission (Compliance wing) on account of my compliant is misleading the true facts. Please examine the same.

Please examine chapter 2 system, safety and standards of supply of electricity, section - 4, (1) (2) (3) of Kerala Electricity Supply Code, 2014, in my case inlight of GOOD FAITH

On date 13-03-2010 onwards our complaint was about the safety issues of this branch line affecting all the 12 consumers of this branch line. But so far KSEB Ltd is not considering the danger in war footing basis which is existing in between EP 16/1 and EP 16/3.

The statement of facts submitted by Assistant Executive Engineer, Electrical Sub Division, Kandasankadav to CGRF on 04-05-2024 is misleading and also without considering the appearance of facts provided in the records.

Please examine the power and its validity of KSEB ltd, to interpret Kerala State Electricity Supply Code 2014 unilaterally with out Considering its consumers. State Government is providing enough subsidy to early out its business.

## എതിർകക്ഷിയുടെ വാദം

വാടാനപ്പള്ളി സെക്ഷനു കീഴിലുള്ള ശ്രീ സുനിൽകുമാർ, ചുള്ളിപ്പറമ്പിൽ വീട്, ഏങ്ങണ്ടിയൂർ എന്നയാളുടെ പുരയിടത്തിലൂടെ നിലവിലുണ്ടായിരുന്ന വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കാൻ ചിലവായ തുക തിരിച്ചു കിട്ടുന്നതിനും പുരയിടത്തിലേക്കുള്ള വൈദ്യുതി ലൈനിലെ സുരക്ഷയെ സംബന്ധിച്ചുള്ള പരാതിയാണിത് . പരാതിക്കാരനായ ശ്രീ.സുനിൽകുമാറിന്റെ പുരയിടത്തിലൂടെ, ഏകദേശം 60 വർഷങ്ങൾക്കു മുൻപ് അദ്ദേഹത്തിന്റെ അമ്മയുടെ സമ്മതത്തോടെ വലിച്ചിട്ടുള്ള വൈദ്യുതി ലൈൻ കൃഷിക്ക് തടസ്സമാണെന്നു കാണിച്ചു സുനിൽകുമാർ തന്നെ പരാതി നൽകിയിരുന്നു. സ്ഥലം പരിശോധന നടത്തിയതിൽ ടിയാൻ ഈ സിംഗിൾ ഫേസ് ലൈനിന്റെ താഴെ വാഴ, തെങ്ങിൻതൈ, കവുങ്ങുകൾ, മറ്റു ചെടികൾ എന്നിവ വളർത്തുന്നതായും ഉദ്ദേശം 15 തെങ്ങു ലൈനിലേക്ക് ചാഞ്ഞു നിൽക്കുന്നതായും കാണപ്പെട്ടു. ഈ വൈദ്യുതി ലൈൻ മറ്റു 6 വീടുകൾക്ക് കൂടി വൈദ്യുതി നല്കുന്നതിനായതിനാലും അവർക്കു മാർഗ്ഗങ്ങൾ - പരിസരത്തു വേറെ ഇല്ലാത്തതിനാലും ഈ വൈദ്യുതി ലൈൻ ടിയാന്റെ പുരയിടത്തിന്റെ പടിഞ്ഞാറേ അതിർത്തിയിലേക്ക് മാറ്റി സ്ഥാപിക്കുകയുമാണ് സാധ്യമായിരുന്ന മാർഗ്ഗം. ടിയാൻ സൗജന്യമായി ഈ ലൈൻ മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ടു . എന്നാൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 സെക്ഷൻ 95 പ്രകാരം എസ്റ്റിമേറ്റ് തുക അടച്ചാൽ മാത്രമേ ലൈൻ മാറ്റിസ്ഥാപിക്കാൻ സാധിക്കുകയുള്ളൂ . തുടർന്ന് ടിയാൻ എക്സിക്യൂട്ടീവ് എൻജിനീയർക്കും തുടർന്ന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ തുടങ്ങിയവർക്കും പരാതി നൽകി. ടിയാന്റെ നിയമവിരുദ്ധമായ ആവശ്യം ന്യായമല്ലാത്തതിനാൽ അവർ അനുവാദം നൽകിയില്ല .

സ്ഥലം പരിശോധിച്ച ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മതിയായ സുരക്ഷാ ക്ലീറൻസ് ഇല്ലാതെ നട്ടിട്ടുള്ള വൃഷങ്ങൾക്കു നോട്ടീസ് നല്കാൻ നിർദ്ദേശിച്ചു. തുടർന്ന് ടി വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിന് ടിയാന് നോട്ടീസും നൽകി . ഇതിനെ തുടർന്ന് 1/11/2022 ൽ നിലവിലെ ലൈൻ (bare conductor), LT ABC ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ 354/- രൂപ ഫീസടച്ച് (Exhibit-1) നൽകുകയും ലൈൻ മാറ്റിസ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക (LTABC വലിക്കുന്നതിനുള്ള സൂപ്പർ വിഷൻ ചാർജ്ജടക്കം) 21873/-രൂപ (Exhlbt-2) 16/11/2022 ൽ അടക്കുകയും ചെയ്തു. ABC വലിക്കുന്ന ജോലി പരാതിക്കാരൻ നേരിട്ട് 13,000 രൂപ കൊടുത്തു രാജീവ്.കെ.എം എന്ന കരാറുകാരനെ കൊണ്ട് ചെയ്യിപ്പിച്ചതാണുണ്ടായതെന്നു അറിയാൻ കഴിഞ്ഞത്. പരാതിയിൽ പറഞ്ഞിരിക്കുന്ന തുകയായ 35,227 രൂപ അപേക്ഷ ഫീസും എസ്റ്റിമേറ്റ് തുകയും കരാറുകാരന് പരാതിക്കാരൻ കൊടുത്ത തുകയും ചേർന്നതാണ് (354/21873+13000=35227 രൂപ). 35227 രൂപ തിരിച്ചു

തരണമെന്ന പരാതിക്കാരന്റെ ആവശ്യം കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, സെക്ഷൻ 95 അനുസരിച്ചു അംഗീകരിക്കാൻ സാധിക്കാത്തതാണ് .

16-04-2024 ന് പരാതിക്കാരൻ ബഹുമാനപ്പെട്ട കൺസ്യൂമർ ഗ്രീവൻസ് റീഡ്രെസ്സൽ ഫോറം മുമ്പാകെ മേല്പറഞ്ഞ തുക തിരിച്ചു തരണമെന്ന് ആവശ്യപ്പെട്ട് പരാതി നൽകിയിരുന്നു. പരാതിയോടൊപ്പം 2010,2017 വർഷങ്ങളിൽ പരാതിക്കാരൻ കേരള ഇലക്ട്രിസിറ്റി സ്റ്റേറ്റ് ബോർഡ് ൽ നൽകിയിരുന്ന വൈദ്യുതി തടസ്സവുമായി ബന്ധപ്പെട്ട് നൽകിയ പരാതികളുടെ കോപ്പികളും ഫോറം മുമ്പാകെ സമർപ്പിച്ചിരുന്നു. അതിലെ പരാതികളെല്ലാം യഥാസമയം പരിഹരിച്ചിട്ടുള്ളതാകുന്നു എങ്കിലും ബഹുമാനപ്പെട്ട ഫോറത്തിൽ പരാതി നൽകിയതിനെ തുടർന്ന് 27/04/2024 തിയ്യതിയിൽ വാടാനപ്പള്ളി ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറും സബ് എഞ്ചിനീയർമാരും കൂടി പരാതിയിൽ പറഞ്ഞിട്ടുള്ള സ്ഥല പരിശോധന സംയുക്തമായി നടത്തുകയുണ്ടായി. ആയതു പ്രകാരം പരാതിയിൽ ഒപ്പിട്ടു നൽകിയ ഉപഭോക്താക്കളെ നേരിട്ട് കണ്ടു സംസാരിക്കുകയും, പ്രസ്തുത ഉപഭോക്താക്കൾക്ക് വേണ്ടി വലിച്ചിട്ടുള്ള LT ലൈനുകൾ പരിശോധിക്കുകയും ചെയ്തു . പരിശോധയനിൽ 2010 ലെ പരാതിയിൽ(Ehlbt-3), Sl No. 3 പ്രകാരം ഒപ്പിട്ടിട്ടുള്ള സ്ഥലം ഉടമയായ ശ്രീമതി സുധ ബാലന്റെ വടക്കു കിഴക്കു ഭാഗത്തു സ്ഥിതി ചെയ്യുന്നതും ശ്രീ സുബ്രമണ്യൻ.ടി.പി,പാറക്കൽ തച്ചപ്പിള്ളി വീട് അയ്യന്തോൾ. പി .63 യുടെ അധീനതയിലുള്ളതുമായ സ്ഥലത്തെ ഒരു കുളത്തിനു അരികിലായി വളർന്നിട്ടുള്ള ഒരു പാഴ്മരം LT ലൈനിനു മുകളിലായി വളർന്നു നിൽക്കുന്നതായി കണ്ടു. അന്നേ ദിവസം എതിർകക്ഷിയായ ഞാൻ നേരിട്ട് സ്ഥല പരിശോധന നടത്തുകയും, 29/04/2024 നു പ്രസ്തുത മരം മുറിച്ചു മാറ്റുകയും ചെയ്തു .

4/06/2024 ഫോറം പരാതിയിൽ പറഞ്ഞിരിക്കുന്ന സ്ഥലം പരാതിക്കാരന്റെയും എതിർകക്ഷിയുടെയും സാന്നിദ്ധ്യത്തിൽ പരിശോധിക്കുകയും, തുടർന്ന് 11/06/2024 ന് താഴെ പറയുന്ന പ്രകാരം ഉത്തരവ് (Exhbt 4) ഇടുകയും ചെയ്തു .

പ്രസ്തുത ലൈൻ ദ്യുതി 2.0 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തൊട്ടടുത്തുള്ള പൊതുനിരത്തിലേക്ക് നിലവിലെ സാമ്പത്തിക വർഷത്തിൽ (Financial Year 2024-25) തന്നെ മാറ്റി സ്ഥാപിച്ചു നൽകണമെന്ന് ഈ ഫോറം ഉത്തരവാകുന്നു. നിലവിലെ ലൈനിൽ ആവശ്യമായ ലൈൻ സ്പേസർ സ്ഥാപിച്ചു. സുരക്ഷ ഉറപ്പാക്കേണ്ടതാണ്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014, റഗുലേഷൻ 95- ന്റെ അടിസ്ഥാനത്തിൽ പരാതിക്കാരൻ അപേക്ഷ കൊടുക്കുകയും എസ്റ്റിമേറ്റ് തുക അടക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ലൈൻ മാറ്റി സ്ഥാപിക്കൽ ജോലികൾ

പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നത് കൊണ്ട്, അടച്ചിട്ടുള്ള തുക തിരിച്ചു കിട്ടുന്നതിന് പരാതിക്കാരൻ അർഹനല്ല എന്ന് ഫോറം ഉത്തരവിടുന്നു. ഈ ഉത്തരവ് നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിരിക്കുന്ന തിയ്യതി മുതൽ 7 ദിവസങ്ങൾക്കുള്ളിൽ എതിർകക്ഷി ടി ഉത്തരവ് നടപ്പിലാക്കി ആയതിന്റെ വിവരം ഈ ഫോറത്തെയും പരാതിക്കാരനെയും രേഖാമൂലം അറിയിക്കേണ്ടതാണ് . ചിലവുകൾ ഉത്തരവാകുന്നില്ല.

അതനുസരിച്ചു നിലവിലെ ലൈനിൽ, സ്പേസറുകളുടെ അകലം കൂടുതലായി നിൽക്കുന്ന സ്ഥലങ്ങളിൽ അധികമായി സ്പേസറുകൾ സ്ഥാപിക്കുകയുണ്ടായി. ഉത്തരവിലെ മറ്റു കാര്യങ്ങളുടെ നടപടിക്രമങ്ങൾ തുടരുന്നതിനിടയിൽ, 22/06/2024 ന് പരാതിക്കാരനായ ശ്രീ.സുനിൽകുമാർ ബഹുമാനപ്പെട്ട ഫോറം മുമ്പാകെ പുനഃപരിശോധന ഹർജി നൽകുകയുണ്ടായി. എന്നാൽ 09/07/2024 ലെ ഉത്തരവ് പ്രകാരം ഫോറം പരാതിക്കാരന്റെ പുനഃപരിശോധന ഹർജി തള്ളിക്കളയുകയാണുണ്ടായത്. സ്ഥലം ഉടമയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലം ഉടമയുടെ താല്പര്യപ്രകാരം വൈദ്യുതി ലൈനുകളും പ്ലാന്റുകളും മാറ്റി സ്ഥാപിക്കുന്നതിനായി എടുക്കേണ്ട നടപടിക്രമങ്ങൾ കേരള ഇലക്ട്രിസിറ്റി സ് കോഡ്, 2014, റഗുലേഷൻ 95(4)-ൽ വിശദീകരിക്കുന്നു .

ഈ റഗുലേഷനിലെ 4 (c) പ്രകാരം, വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി സ്ഥലമുടമ അപേക്ഷിക്കുകയാണെങ്കിൽ, പണിക്കൂലിയും മെറ്റീരിയൽ ചിലവും അപേക്ഷകൻ അടക്കേണ്ടതാണ്. ആയതുകൊണ്ട് സ്ഥലമുടമയുടെ അപേക്ഷ പ്രകാരം പുരയിടത്തിലൂടെ പോകുന്ന വൈദുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി ചിലവായ തുക തിരിച്ചു തരണമെന്ന പരാതിക്കാരന്റെ ആവശ്യം നിയമവിരുദ്ധമായതുകൊണ്ട് ബഹുമാന്യ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുൻപാകെയുള്ള പരാതിക്കാരന്റെ ആവശ്യം തള്ളിക്കളയണമെന്ന് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു .

## <u>വിശകലനവും കണ്ടെത്തലുകളും</u>

അപ്പീൽ പരാതിയുടെ വാദം 09/10/2024-ന് രാവിലെ 11-ന് ,O/O The State Electricity Ombudsman, D.H Road & Foreshore Road Jn. Ernakulam Dist.ൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ സുനിൽ കുമാർ, എതിർകക്ഷിയായ ശ്രീ. സുഭജ കെ.എം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കണ്ടശ്ശാങ്കടവ് , തൃശൂർ എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

പരാതിക്കാരൻ വാടാനപ്പള്ളി ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള ഏങ്ങണ്ടിയൂർ എന്ന സ്ഥലത്ത് സ്ഥിര താമസക്കാരനാണ്. ഏകദേശം 60 വർഷങ്ങൾക്ക് മുൻപ് പല വീടുകൾക്കും വൈദ്യുതി നൽകുന്നതിന് വേണ്ടി സിംഗിൾ ഫേസ് ലൈൻ വലിച്ചിട്ടുള്ളതും അത് പരാതിക്കാരന്റെ പുരയിടത്തിലൂടെ കടന്നു പോയിട്ടുള്ളതുമാകുന്നു. ലൈനിൽ നിന്നും ശ്രീ. സുനിൽകുമാറിന്റെ വീടിന് മുൻപ് ഏകദേശം ആറുപേർക്കും അതിനുശേഷം ആറുപേർക്കും കണക്ഷൻ നൽകിയിട്ടുണ്ട്. പുരയിടത്തിലൂടെ കടന്നു പോകുന്ന ഈ ലൈൻ കൃഷിക്ക് തടസമായി വന്നതിനാൽ അത് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യവുമായി ലൈസൻസിയുടെ വാടാനപ്പള്ളി സെക്ഷൻ ഓഫീസിനെ സമീപിക്കുകയുണ്ടായി. അതിൻപ്രകാരം ലൈസൻസി അടങ്കൽ തുകയായി 21,873/- രൂപ അടക്കാൻ ആവശ്യപ്പെടുകയും കൂടാതെ, ABC വലിക്കുന്നതിന് അതിന്റെ വിലയും പണിക്കൂലിയുമായി 12,900 രൂപ അത് ചെയ്യുന്ന കോൺട്രാക്ടർക്ക് നേരിട്ട് നൽകാൻ അറിയിക്കുകയും ചെയ്തു. അപ്രകാരം പരാതിക്കാരൻ 21,873 രൂപ സെക്ഷൻ ഓഫീസിൽ അടക്കുകയും ABC വലിച്ചതിനുള്ള തുക കോൺട്രാക്ടർക്ക് നൽകുകയും ചെയ്തു. 354 രൂപ അപേക്ഷ ഫീസായിട്ടും അടച്ചു. അങ്ങനെ അകെ 35,227/-രൂപ ചെലവായി. പുരയിടത്തിലൂടെ കടന്നുപോകുന്ന ലൈൻ കൃഷി ചെയ്തിരിക്കുന്ന വൃക്ഷങ്ങളിൽ തട്ടി സുരക്ഷ ഭീഷണി ഉയർത്തിയിട്ടുള്ളതിനാൽ ഈ ലൈൻ മാറ്റി സ്ഥാപിക്കേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്തമാണെന്നും അതിനുള്ള ചെലവ് വസ്തു ഉടമയിൽ നിന്നും ഈടാക്കുന്നത് ന്യായമല്ലെന്നും അതിനാൽ തന്നെ ചെലവായ തുക തിരിച്ച് നൽകേണ്ടതാണെന്നും പരാതിക്കാരൻ വാദിച്ചു.

പരാതിക്കാരൻ ചൂണ്ടി കാണിച്ച ചട്ടങ്ങൾ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 clause 35 ഉം , 37 ഉം , 37 A യും ആയിരുന്നു.

*35. Expenditure for extension or upgradation or both of the distribution system to be borne by the licensee.- The expenditure for extension or upgradation or both of the distribution system up to and including the distributing main, for meeting the demand of new consumers and the additional demand of existing consumers shall normally be borne by the distribution licensee and this expenditure shall be recovered from the consumers through tariff as approved by the Commission.*

*37.Expenditure for service line, plant etc., for providing supply.-*

*(1) The consumer shall bear the expenditure for the service line or of the plant or of both, provided exclusively for him by the licensee.*

*(2) The expenditure for line and plant mentioned in sub regulation*

*Above shall be determined as per the cost data approved by the Commission.*

*37(A) Power of licensee to give permission to an applicant for undertaking certain works.-*

*Not withstanding anything contrary contained in regulations 27, 32, 36 and 37 the licensee may, on an application from the applicant for permission to undertake the works of electric line or plant or both by himself, allow him to procure materials and execute such work subject to the following conditions,-*

*i) The materials procured by the applicant for the construction of electric line or plant or both shall conform to the standards specified by the Bureau of Indian Standards or other relevant standards, if any, specified;*

*ii) The materials shall be procured with the approval of the officer of the licensee, who is competent to sanction the estimate and the warranty for the materials if any shall be ensured by the applicant as stipulated by the licensee;*

*iii) The work shall be got executed by a duly licensed electrical contractor ensuring safety and standards as specified by the Central Electricity Authority.*

*iv) Approval if any required from the Electrical Inspector in accordance with the Central Electricity Authority (Measures Relating to Safety and Electric Supply) Regulations, 2010, shall be obtained before energizing the electric line or electrical plant as the case may be.*

*v) The work shall be done under the supervision of the licensee for which the licensee may charge administrative overhead charges, subject to a maximum of ten percent of the cost of labour and transport as per the cost data approved by the Commission for such work.*

ഇവിടെ പ്രതിപാദിച്ചിരിക്കുന്ന ചട്ടങ്ങളെല്ലാം തന്നെ ഒരു ഉപഭോക്താവിന് കണക്ഷൻ നല്കാൻ വേണ്ടി ചെയ്യേണ്ടി വരുന്ന പ്രവർത്തികളെ കുറിച്ചായതിനാൽ തന്നെ ഈ കേസിന് അത് ബാധകമല്ല. ഇവിടെ വൈദ്യുത കണക്ഷന് വേണ്ടി ലൈൻ വലിക്കേണ്ടി വരുന്നതല്ല. വർഷങ്ങൾക്ക് മുൻപ് സ്ഥാപിച്ചിട്ടുള്ള ലൈൻ വസ്തു ഉടമയുടെ / ഉപഭോക്താവിന്റെ ആവശ്യപ്രകാരം മാറ്റേണ്ടി വരുന്നതാണ് വിഷയം. ഇവിടെ പ്രസക്തമായിട്ടുള്ളത് സപ്ലൈ കോഡ് 2014 ലെ റെഗുലേഷൻ 95 ആണ്.

*95. Procedure for shifting electric line or electrical plant of the licensee.-*

*(1) The owner of the land or his successor in interest who has given right of way for the construction of an existing electric line or electrical plant over, under, along, across, in or upon the said land, may apply for shifting the electric line or electrical plant to any other portion of his land for genuine purposes.*

*2. The application for shifting the electric line or electrical plant shall be submitted in the local office of the licensee.*

*3. On receipt of the application the licensee shall inspect the site and assess the technical feasibility of the proposed shifting.*

*4. The application for shifting an electric line or electrical plant shall be granted only if:-*

*a. the proposed shifting is technically feasible; and*

*b. the owner of the land or his successor in interest gives consent in writing to shift the electric line or electrical plant to any other portion of his land or to any other land owned by him; or any alternate right of way along any public path way available for shifting the electric line and the electrical plant; and*

*c. the applicant shall remit the labour charges and material charges required for shifting the electric line or electric plant as estimated by the licensee as per the cost-data approved by the Commission from time to time in accordance with the Regulation 33 of the Kerala State Electricity Supply Code 2014.*

*(5) The licensee shall shift the electric line or electrical plant if the conditions specified in sub regulation (4) are complied with by the applicant.*

സപ്ലൈ കോഡ് 2014 ന് 2020 ലെ Ammendant പ്രകാരം ഇത്തരം പ്രവൃത്തികൾ ചെയ്യേണ്ടി വരുമ്പോൾ ലേബർ ചാർജ്ജ് ഉം മെറ്റീരിയൽ കോസ്റ്റും ഈടാക്കണമെന്ന് പ്രതിപാദിച്ചിരിക്കുന്നു.

ഇനി ഈ അടങ്കൽ തുക കമ്മീഷൻ അംഗീകരിച്ചിട്ടുള്ള Cost-data പ്രകാരമാണോ കണക്കാക്കിയിരിക്കുന്നത് എന്നും പരിശോധിച്ചു. KSERC അംഗീകരിച്ചിട്ടുള്ള cost - data പ്രകാരമാണ് ഇതിന് വേണ്ട ചെലവ് കണക്കാക്കിയിരിക്കുന്നത്.

ഈ ലൈൻ മാറ്റേണ്ടി വന്നപ്പോൾ പുതിയതായി 2 പോസ്റ്റുകൾ സ്ഥാപിക്കേണ്ടി വന്നു. കൂടാതെ പുതിയതായി മൂന്ന് സ്റ്റേ സ്ഥാപിക്കേണ്ടതായും ഒരു സ്റ്റേ ഇളക്കി പുനഃസ്ഥാപിക്കേണ്ടതായും വന്നു. അവ വിശദമായി പരിശോധിച്ചപ്പോൾ ,

| | | | |
|---|---|---|---|
| Total Cost of material | - | 8090/- | A |
| Total labour Cost | - | 7930/- | B |
| Storage & other contigent charges16%A | - | 1294/- | C |
| Supervision Charges 10% of B | - | 793/- | D |
| **Total** | | **18,107/** | **E** |
| GST @18% of E | - | 3259/- | F |
| Unfor seen item | - | 507/- | G |
| **Grand Total (E+F=G)** | **-** | **21,873/-** | |

അങ്ങനെ ആകെ തുകയായ 21,873 രൂപ പരാതിക്കാരൻ അടക്കേണ്ടി വന്നു. ABC വലിക്കുന്നതിനു വേണ്ടി കേബിളിന്റെ വിലയും അതിന്റെ പണിക്കൂലിയും ചേർത്ത് 12,900/- രൂപ ആ പണിയൊക്കെ ചെയ്ത കോൺട്രാക്ടർക്ക് നൽകേണ്ടി വന്നു. ഇങ്ങനെയുള്ള വിശദ പരിശോധനയിൽ പരാതിക്കാരൻ അടച്ച തുക നിയമപ്രകാരം അടക്കേണ്ടതായതിനാൽ തന്നെ തിരികെ നൽകാനുള്ള വഴിയൊന്നും കാണുന്നില്ല.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും,പരാതിക്കാരന്റെയും എതിർ കക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പി ച്ച വിശകലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുക യും ചെയ്യുന്നു.

1. CGRF ന്റെ ഉത്തരവ് ശരിവെച്ച് കൊണ്ട് തീർപ്പാക്കിയിരിക്കുന്നു.
2. മറു ചെലവുകൾ അംഗീകരിച്ചിട്ടില്ല .

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/054/2024/ തീയതി: 21-10-2024

**അയക്കുന്നത്:**

1. ശ്രീ. സുനിൽകുമാർ , ചുള്ളിപ്പറമ്പിൽ വീട്, ഏങ്ങണ്ടിയൂർ പി.ഒ, തൃശൂർ ജില്ല

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , ഇലക്ട്രിക്കൽ സബ് ഡിവിഷൻ , കണ്ടശ്ശാങ്കടവ് , തൃശൂർ ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.

2. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.

3. ചെയർപേഴ്സൺ, CGRF, വൈദ്യുതി ഭവനം, കെ.എസ്.ഇ.ബി. ലിമിറ്റഡ് , HMT കോളനി , കളമശ്ശേരി, എറണാകുളം ജില്ല